# ദൈവത്തിന് നന്ദിയും മഹത്വവും കരേറ്റാം

തോമസ് ഫിലിപ്പ്, റാന്നി

**ദൈ**വ വിശ്വാസികളായ അമേരിക്കക്കാർ, എല്ലാവർഷവും, ദൈവത്തിന് നന്ദി അർപ്പിക്കുന്ന അതിമഹത്തായ സുദിനമാകുന്നു നവംബർ 24. രാജ്യം മുഴുവനായും ആഘോഷിക്കപ്പെടുന്ന 'താങ്ക് ഗിവിംഗ് ഡേ' അന്നാകുന്നു.

ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും മറ്റുള്ളവരോട് ഇത്രയധികം നന്ദി പ്രകാശിപ്പിച്ച് ജീവിക്കുന്ന മറ്റൊരു ജനത ലോകത്തിലുണ്ടോന്ന് തോന്നുന്നില്ല. അമേരിക്കക്കാർ മറ്റുള്ളവരോടു കാട്ടുന്ന നന്ദിയുടെ നാലിൽ ഒന്നുപോലും ഇന്ത്യാക്കാരുടെ ഇടയിൽ ഇല്ല. മലയാളിവർഗ്ഗത്തിന്റെ നന്ദിയുടെ കാര്യം പറയാതിരിക്കുകയാണ് ഭേദം. അമേരിക്കക്കാരിൽ നിന്നും, നമ്മൾ നമ്മുടെ ആവശ്യങ്ങൾ നിർവ്വഹിച്ചുപോകുമ്പോഴും അവർ നമുക്ക് ഇങ്ങോട്ട് താങ്ക്സ് പറയുന്നു. അതുപോലെ അപരിചിതനായ ഒരു അമേരിക്കക്കാരനെ നാം വഴിയിൽ വെച്ച് നേരിട്ട് കണ്ടാൽ യാതൊരു സങ്കോചവും കൂടാതെ അദ്ദേഹം നമുക്ക് ഹായ്യോ ഗുഡ്മോർണിംഗോ ഒക്കെ പറയുന്നത് അവരുടെ വിശാലവും ഉത്കൃഷ്ടവുമായ ഹൃദയത്തെ തന്നെയല്ലേ വെളിപ്പെടുത്തുന്നത്? അവരുടെ ജീവിത വൃത്താന്തങ്ങൾ എങ്ങനെയൊക്കെയുള്ളതായിരുന്നാലും ശരി, അന്യരാജ്യങ്ങളിൽ നിന്നും കുടിയേറ്റക്കാരായി അവരുടെ മണ്ണിൽ വന്ന് പാർക്കുന്ന എല്ലാവിഭാഗം ജനങ്ങളെയും അവർ മാനിക്കുകയും ആദരിക്കുകയും ചെയ്യുന്നു. സർവ്വോപരി ഇന്ത്യാക്കാരുടെ ഇടയിൽ നിലനിൽക്കുന്നതുപോലെയുള്ള വർഗ്ഗീയവിവേചനവും വിദ്വേഷവുമൊന്നും അമേരിക്കക്കാരെ ഭരിക്കുന്നുമില്ല.

പ്രതിപാദ്യ വിഷയമായ നന്ദിയിലേക്ക് കടക്കാം. പ്രായേണ മനുഷ്യർ നന്ദികെട്ടവരാകുന്നു. യേശു 10 കുഷ്ഠരോഗികളെ സൗഖ്യമാക്കിയപ്പോൾ അതിന് അവരിൽ ഒരാൾ മാത്രമാണ് യേശുവിന് നന്ദി പറഞ്ഞത്. അനേകം നൂറ്റാണ്ടുകൾക്ക് മുൻപ് ദൈവത്തെ മറന്ന് നന്ദികെട്ടവരായി ജീവിച്ചിരുന്ന യിസ്രായേൽ ജനതയെ ഓർത്ത് ദൈവം ഇങ്ങനെ ദുഃഖിച്ചു. 'കാള തന്റെ യജമാനന്റെ പുൽതൊട്ടിയെയും അറിയുന്നു. യിസ്രായേലോ അറിയുന്നില്ല; എന്റെ ജനം ഗ്രഹിക്കുന്നതുമില്ല' (യെശ. 1:3) ക്രൈസ്തവ ലോകത്തിന്റെ ഇന്നത്തെ അവസ്ഥയും ഇതിൽ നിന്ന് ഒട്ടും മെച്ചവുമല്ല.

ഓരോരുത്തരും ഇന്ന് നാം ആയിരിക്കുന്ന നിലയിലെത്തുവാൻ നമ്മുടെ മാതാപിതാക്കളും സഹോദരി സഹോദരന്മാരും അന്യരുപോലും എത്ര വലിയ ത്യാഗങ്ങളും കഷ്ടതകളും സേവനങ്ങളുമൊക്കെ അനുഷ്ഠിച്ചിരിക്കുന്നു? മാതാപിതാക്കൾ മക്കൾക്കു വേണ്ടി അനുഷ്ഠിച്ചിട്ടുല്ല ത്യാഗങ്ങളെയും കഷ്ടപ്പാടുകളെപ്പറ്റിയും ജീവിതത്തിൽ ഒരിക്കലെങ്കിലും ഓർക്കുന്ന എത്ര മക്കളുണ്ട്? ജീവിതത്തിൽ നാം ഓരോരുത്തരും അനുഭവിച്ചുകൊണ്ടിരിക്കുന്ന വിവിധങ്ങളായ നന്മകൾക്കും ഉപകാരങ്ങൾക്കും എത്രയോ അധികം ആളുകളോടും ദൈവത്തോടും ഹൃദയംഗമമായ നന്ദി പറയുവാൻ നാം കടപ്പെട്ടിരിക്കുന്നു? അപ്രതീക്ഷിതമായുംആശ്ചര്യകരമായ വിധത്തിലുമൊക്കെ അമേരിക്കയിൽ എന്നെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തിട്ടുള്ള സ്വന്തക്കാരും സ്നേഹിതരുമായിട്ടുള്ളവരെ നന്ദി നിറഞ്ഞ ഹൃദയത്തോടു കൂടി ഞാനിവിടെ ഓർക്കുകയും ചെയ്യുന്നു. സാക്ഷാൽ ദൈവസ്നേഹത്തിന്റെയും അവന്റെ അത്ഭുതകൃപയുടെയും തണലിൽ ദൈവഇഷ്ടം ചെയ്ത് ജീവിക്കുന്നവരാകുന്നവർ. ദൈവം ദീർഘായുസ്സുകൊണ്ട് അവരെ അനുഗ്രഹിക്കുകയും ചെയ്യുന്നു.

ഏതെല്ലാവിധത്തിലുള്ള ആപത്തനർത്ഥങ്ങളിൽ നിന്നും രോഗദുഃഖങ്ങളിൽ നിന്നും വേദനകളിൽ നിന്നും പ്രശ്നങ്ങളിൽ നിന്നും ഭയപ്പെട്ട പല ഭയങ്ങളിൽ നിന്നും മരണത്തിൽ നിന്നു പോലും ദൈവം നമ്മെ രക്ഷിച്ചിരിക്കുന്നു. നമ്മുടെ ഗുണവിശേഷങ്ങൾ കൊണ്ടല്ല, പ്രത്യുത ദൈവത്തിന്റെ അളവറ്റ നമ്മോടുള്ള ദയ കൊണ്ട് വിടുതൽ കിട്ടി എന്നുള്ളതല്ലേ സത്യം? 'ഗർഭം മുതൽ നീ എന്ന താങ്ങിയിരിക്കുന്നു. എന്റെ അമ്മയുടെ ഉദരത്തിൽ നിന്ന് എന്നെ എടുത്തവൻ നീ തന്നേ; എന്റെ സ്തുതി എപ്പോഴും നിന്നെക്കുറിച്ചാകുന്നു' എന്ന് സങ്കീർത്തനക്കാരൻ പാടി.

ദൈവത്തിന് സ്തുതിയും മഹത്വവും നന്ദിയും കരേറ്റി ജീവിക്കുന്നതിനു വേണ്ടിയാകുന്നു മനോഹരമായ ഒരു ജീവിതം ദൈവം മനുഷ്യന് നൽകിയിരിക്കുന്നത് എന്നുള്ള വിലയേറിയ സത്യം നാം വിസ്മരിക്കരുത്. 'ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്‌വിൻ എന്ന് അപ്പോസ്തലനായ പൗലോസിലൂടെ ദൈവം തന്റെ വിശ്വാസികളോട് കൽപ്പിച്ചു. ദൈവത്തെ മഹത്വപ്പെടുത്തുവാൻ കഴിയാത്ത, രണ്ട് തോണികളിൽ കാലുവെച്ചു കൊണ്ടുളഅള ആരുടെയും ആത്മീയ ജീവിതം സഭാമേലദ്ധ്യക്ഷനായാലും ധന്യമോ സാർത്ഥകമോ ആയി തീരാൻ പോകുന്നില്ല. ആർക്കും സന്ദേശം വേണ്ട.

ഒരു ഹിന്ദുമത വിശ്വാസിയുടെ ജീവിതത്തിൽ പരമപ്രധാനമായ ഒരു സ്ഥാനമാണ് ഈശ്വരനുള്ളത്. ഭഗവത്ഗീത വായിച്ചിട്ടുള്ളവർക്ക് ഇതറിയാം. വിശുദ്ധ ഖുർആനും ആരംഭിക്കുന്നത് തന്നെ 'In the Name of Allah, the Most Gracious, the Most Mercyfull. All the praises and thanks be to Allah, the Lord of the Alamin' എന്ന് അള്ളാവിനെ മഹത്വപ്പെടുത്തിക്കൊണ്ടുമാകുന്നു. (Surah:1,2) വിശുദ്ധ ബൈബിളും 'ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു' എന്നാരംഭിച്ച് യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ എന്ന് ആശംസിച്ചുകൊണ്ടുമാണതവസാനിപ്പിച്ചിരിക്കുന്നതും.

സർവ്വേശ്വരൻ നമ്മേ എല്ലാവരേയും ഒരു ദോഷവും തട്ടാതവണ്ണം മുമ്പോട്ടും തന്റെ കൃപയിൽ കാത്തു പരിപാലിക്കട്ടെ. ദൈവത്തെ മഹത്വപ്പെടുത്തുത്താം. അവന് ഹൃദയത്തിൽ നിന്നുള്ള നന്ദിയുടെ പൂച്ചെണ്ടുകളേ അർപ്പിക്കാം! 'എൻ മനമേ, യഹോവേ വാഴ്ത്തുക, അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്.'

എല്ലാ വായനക്കാർക്കും, പത്ര പ്രവർത്തകർക്കും, എല്ലാ എവുത്തുകാർക്കും, അമേരിക്കയിലെ എല്ലാ ജനങ്ങൾക്കും സന്തുഷ്ടവും സമാധാന പൂർണ്ണവുമായ 'താങ്ക്സ് ഗിവിംഗ് ഡേ' ആശംസിച്ചുകൊള്ളുന്നു.